"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-ബേപ്പൂർ തുറമുഖത്തെ മെഷിനറികൾക്ക് എച്ച്.എസ്.ഡി ഓയിൽ വാങ്ങിയ കോഴിക്കോട് തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് -ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.168/2024/F&P തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02-03-2024 തീയതിയിലെ HOKMB-TVM/3340/2022-D1(Tech) നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ മെഷിനറികളുടെ പ്രവർത്തനത്തിന് ഡീസൽ അത്യാവശ്യമായതിനാൽ M/s മത്സ്യഫെഡ് ഡീസൽ ബങ്ക്, ബേപ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും 2000 ലിറ്റർ ഡീസൽ വാങ്ങിയ കോഴിക്കോട് തുറമുഖ ഓഫീസറുടെ പ്രവർത്തി സാധുകരിച്ച് ഭരണാനുമതിയും ടി സ്ഥാപനത്തിന് അനുവദിക്കേണ്ട 1,92,280/- രൂപയുടെ ഫണ്ടും "5051-80-800-98 Augmentation of workshop and stores organisation-24 Materials and Supplies" എന്ന ശിർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബേപ്പൂർ തുറമുഖത്തെ മെഷിനറികളുടെ പ്രവർത്തനത്തിന് ഡീസൽ അത്യാവശ്യമായതിനാൽ M/s മത്സ്യഫെഡ് ഡീസൽ ബങ്ക്, ബേപ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും 2000 ലിറ്റർ ഡീസൽ വാങ്ങിയ കോഴിക്കോട് തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് 1,92,280/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി "5051-80-800-98 Augmentation of workshop and stores organisation-24 Materials and Supplies" എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

സ.ഉ.(സാധാ) നം.168/2024/F&P

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈംബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള തിരുവനന്തപുരം
✓ ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 16-03-2024 11:36:50